## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2015-ലെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 9.15 ന് ബഹു. ഗ്രാമവികസന വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ബഹു.പഞ്ചായത്ത്വകുപ്പുമന്ത്രിയും സന്നിഹിത നായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.06.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.
2. **പൊതുവിഷയങ്ങൾ**

**2.1** 2015-16 സാമ്പത്തിക വർഷ പദ്ധതിയിൽ 1132 തദ്ദേശഭരണസ്ഥാപനങ്ങൾ ആകെ 9849.34 കോടി രൂപയുടെ പ്രോജക്ടുകൾക്ക് ഡി.പി.സി.യുടെ അംഗീകാരം നേടിയതായി യോഗം നിരീക്ഷിച്ചു. ഇതിൽ 938 ഗ്രാമപഞ്ചായത്തുകൾ 6303.36കോടി രൂപയുടെ പ്രോജക്ടുകൾക്കും, 136 ബ്ലോക്ക് പഞ്ചായത്തുകൾ 1591.14. കോടി രൂപയുടെയും, 8 ജില്ലാ പഞ്ചായത്തുകൾ 943.98കോടി രൂപയുടെയും, 50 മുനിസിപ്പാലിറ്റികൾ 1010.85 കോടി രൂപയുടെയും പ്രോജക്ടുകൾക്കാണ് അംഗീകാരം നേടിയത്.

**2.2** കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.05.2015-ലെ യോഗം ഇനം 2.5 പ്രകാരം രൂപീകരിച്ച ഇ-ടെണ്ടർ സംബന്ധിച്ച സബ്കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് 27.05.2015ൽ ചർച്ച ചെയ്യുകയും ഈ വിഷയത്തിൽ wp(c) No.15444/2015E റിട്ട് പെറ്റിഷനിൽ പരാതിക്കാരെക്കൂടി കേൾക്കുന്നതിന് ബഹു.ഹൈക്കോടതി ഉത്തരവായി എന്നറിഞ്ഞ സാഹചര്യത്തിൽ പരാതിക്കാരെ കേൾക്കുന്നതിന് എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നതാണ്. എന്നാൽ തത്സംബന്ധമായി തുടർ നടപടികൾ ഉണ്ടായിട്ടില്ല എന്ന് 17.06.2015-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട റിട്ട് പെറ്റീഷനിലെ പരാതിക്കാരെ കേൾക്കുന്നതിന് എൽ.എസ്.ജി.ഡി. അഡീഷണൽ സെക്രട്ടറി ശ്രീ.കൃഷ്ണ ശർമ്മ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, ഫൈനാൻസ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. ഇ.കെ. പ്രകാശ്, എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ, സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗം ശ്രീ.സി.പി.ജോൺ എന്നിവർ ഉൾപ്പെട്ട സബ്കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത സബ്കമ്മിറ്റി ജൂൺ 19 രാവിലെ 11 മണിക്ക് പരാതിക്കാരെ കേൾക്കുന്നതിന് നിർദ്ദേശിച്ച് തീരുമാനിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സബ്കമ്മിറ്റി 19.06.2015-ൽ റിട്ട് പെറ്റീഷനിലെ പെറ്റീഷനറെ കേൾക്കുന്നതിന് നോട്ടീസ് നൽകി കാത്തിരുന്നെങ്കിലും പെറ്റീഷണർ ഹാജരായിട്ടില്ല. ഇ-ടെണ്ടറിംഗുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി ചർച്ച ചെയ്ത് താഴെപ്പറയുന്ന ശുപാർശകൾ സമർപ്പിച്ചു.

1) തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇ-ടെണ്ടറിംഗ് നടപ്പാക്കുന്നത് സംബന്ധിച്ച് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13.05.2015-ലെ തീരുമാനപ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോരട്ട് അംഗീകരിക്കാവുന്നതാണ്.
2) എന്നാൽ ഇടുക്കി ജില്ല പോലുള്ള പിന്നാക്ക പ്രദേശങ്ങളിൽ ഇ-ടെണ്ടർ പൂർണ്ണമായി നടപ്പാക്കുന്നതിന് ബുദ്ധിമുട്ടുണ്ടെന്ന് മനസ്സിലാക്കിയ സാഹചര്യത്തിലും 2015-16 പദ്ധതി രൂപീകരണം ഭൂരിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളും പൂർത്തീകരിച്ച സാഹചര്യത്തിലും ഇ-ടെണ്ടർ പൂർണ്ണമായി നടപ്പിലാക്കുന്നത് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് കമ്മിറ്റി വിലയിരുത്തി.

3) ഈ സാഹചര്യത്തിൽ 2015-16 വർഷത്തിൽ ഇ-ടെണ്ടർ നടത്താൻ ബുദ്ധിമുട്ടുണ്ടെന്ന് ഭരണ സമിതി തീരുമാനമെടുക്കുന്ന സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മുൻവർഷത്തെപ്പോലെ 15 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകി.

4) 2015-16 -ലെ പദ്ധതികൾക്ക് ഡി.പി.സി. അനുമതി ലഭിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട് ഇനി മാറ്റം വരുത്തേണ്ടതില്ല.

5) 2016-07 സാമ്പത്തിക വർഷം മുതൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 5 ലക്ഷം രൂപയോ അതിനു മുകളിലോ ഉള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടപ്പാക്കേണ്ടതാണ്. കോഓർഡിനേഷൻ കമ്മിറ്റി പ്രസ്തുത ശുപാർശകൾ ചർച്ച ചെയ്ത് അംഗീകരിച്ചു.

**2.3** തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2015-16 വാർഷിക പദ്ധതികൾ അംഗീകരിക്കുന്നതിനായി ജില്ലാ ആസൂത്രണ സമിതികൾ ചേരുന്നതിനുള്ള സമയപരിധി 2015 ജൂലൈ 10 വരെ ദീർഘിപ്പിച്ച് തീരുമാനിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഡി.എ2/235/15)**

2007-08 ലും 2008-09 ലും അനെർട്ട് മുഖേന വാങ്ങിയ ചൂടാറാപ്പെട്ടികളിൽ ശേഷിക്കുന്നവ സൂക്ഷിച്ചുവയ്ക്കാൻ സൗകര്യം ഇല്ലെന്നും പ്രതികൂല കാലാവസ്ഥയും എലി ശല്യവും നിമിത്തം നശിച്ചുപോകാനിടയുണ്ടെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതം 100 രൂപയായി കുറച്ച് എ.പി.എൽ, ബി.പി.എൽ വ്യത്യാസം ഇല്ലാതെ വിതരണം ചെയ്യാൻ അനുവദിച്ച് തീരുമാനിച്ചു. ഇത്രയും കാലമായിട്ടും ഇവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതിരുന്നതിന്റെ ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി. ചൂടാറാപ്പെട്ടികളും മറ്റും ഇനി മേലിൽ വാങ്ങി വിതരണം ചെയ്യാൻ പാടില്ലെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ഒരുമനയൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഡി.എ2/236/15)**

2015-16 വാർഷിക പദ്ധതിയിൽ ഏറ്റെടുക്കാൻ അനുമതി ആവശ്യപ്പെട്ടുള്ള പ്രോജക്ടുകൾ ഡി.പി.സി.ക്കാണ് സമർപ്പിക്കേണ്ടതെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ഏഴോം ഗ്രാമപഞ്ചായത്ത് (ഫയൽ നം. ഡി.എ1/63/15)**

പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടത് പ്രകാരം പോളിടെക്നിക്ക് വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 മുട്ടിൽ ഗ്രാമപഞ്ചായത്ത് (ഫയൽ നം. എഫ്.എം2/74/15)**

പഞ്ചായത്ത് ഓഫീസ് പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച അനുമതി ദൈനംദിന ഭരണ കാര്യങ്ങൾ ആയതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരേണ്ട വിഷയമല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് ( ഡി.ബി.3/161/15)**

ഗ്രാമപഞ്ചായത്ത് ആംബുലൻസ് വാങ്ങുന്നത് നിരുത്സാഹപ്പെടുത്തേണ്ട വിഷയമാണെന്നും, കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന

ഏഞ്ചൽസ് എന്ന സംഘടന അവിടെയുള്ള എല്ലാ ആംബുലൻസ് സർവീസുകളെയും ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തിക്കുന്ന രീതി മാതൃകാപരമാണെന്ന് അറിയുന്നതിനാൽ അതിന്റെ പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ( ഡി.ബി.3/160/15)**

പട്ടികജാതിക്കാരായ സയൻസ്, കോമേഴ്സ്, മാത്സ് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്യുന്ന പദ്ധതിക്ക് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഫയൽ നം. ഡി.ബി.3/173/15)**

ഡി.പി.സി.യുടെ അംഗീകാരത്തിന് വിധേയമായി പ്രവൃത്തികളുടെ വർക്ക് ബില്ലുകൾക്ക് പേയ്മെന്റ് നൽകാൻ അനുമതി നൽകണമെന്ന ആവശ്യം പ്രസക്തമല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ഐ.എം.ജി. ഡയറക്ടർ ജനറലിന്റെ കത്ത് ( ഡി.എ1/48/15)**

"കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ കാര്യക്ഷമമായി സേവനം പ്രദാനം ചെയ്യുന്നതിനുള്ള അന്തരീക്ഷം ഒരുക്കുന്നതിന് ഉതകുന്ന ഘടകങ്ങൾ കണ്ടെത്തുന്നതിനുള്ള പഠനം" നടത്തുന്നതിനുള്ള വിവരശേഖരണം സംബന്ധിച്ച മേൽനോട്ടത്തിന് കെ.എൽ.ജി. എസ്.ഡി.പി.യുടെ അനുമതി ലഭ്യമാക്കിയാൽ മതിയാകുമെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 അടിമാലി ഗ്രാമപഞ്ചായത്ത്**

പ്രധാന ജംഗ്ഷനുകളിൽ സി.സി.ക്യാമറ സ്ഥാപിക്കുന്നതിന് അനുമതി നൽകേണ്ടെന്ന മുൻ തീരുമാനം പുനഃപരിശോധിക്കേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കൊല്ലം ജില്ലാ പഞ്ചായത്ത്**

ജില്ലാ ആശുപത്രിയിൽ 20 ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ജില്ലയിലെ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത പദ്ധതി ഏറ്റെടുക്കാൻ ജില്ലാ പഞ്ചായത്തിനെ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കൊല്ലം ജില്ലാ പഞ്ചായത്ത്**

ജില്ലാ ആശുപത്രിയിൽ എം.ആർ.ഐ സ്കാൻ സ്ഥാപിക്കുന്നതിന് ജില്ലയിലെ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത പദ്ധതി ഏറ്റെടുക്കാൻ ജില്ലാ പഞ്ചായത്തിനെ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്**

പാരിപ്പള്ളി കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിനുള്ള ചുമതല 2015-16 വർഷം മുതൽ കുടുംബശ്രീ യൂണിറ്റിനെ ഏൽപ്പിക്കുന്നതിന് അനുവാദം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കടനാട് ഗ്രാമപഞ്ചായത്ത്**

പാലിയേറ്റീവ് കെയർ പദ്ധതിക്കായി വാങ്ങിയ വാഹനം ആഫീസ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് ഉചിതമല്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ജില്ലാ പഞ്ചായത്ത് കോഴിക്കോട്**

സ്പന്ദനം പ്രോജക്ടിന്റെ മുൻ വർഷങ്ങളിലെ പ്രവർത്തനം വിലയിരുത്തിയശേഷം മാത്രമേ 2015-16 വർഷത്തിൽ പദ്ധതി തുടരാൻ പാടുള്ളൂ എന്നും, 2016-17 വർഷത്തിൽ ബഹുവർഷ പദ്ധതി ഏറ്റെടുക്കണമെങ്കിൽ 03.06.2015-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ ഇനം.2.2 തീരുമാനം ബാധകമായിരിക്കുമെന്നും യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 തിരുവമ്പാടി ഗ്രാമപഞ്ചായത്ത് (ബഹു. തിരുവമ്പാടി എം.എൽ.എ ശ്രീ. സി. മോയിൻകുട്ടി മുഖേന)**

പുല്ലൂരാംപാറ മലബാർ സ്പോർട്സ് അക്കാദമിയിൽ പരിശീലനം നടത്തുന്ന കുട്ടികൾക്ക് വേണ്ടി തനത് ഫണ്ട് വിനിയോഗിക്കാൻ ഗ്രാമപഞ്ചായത്ത് അനുമതി ആവശ്യപ്പെട്ടത് പ്രസ്തുത അക്കാദമിയെ സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കിയശേഷം ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 എടവക ഗ്രാമപഞ്ചായത്ത്**

സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ വില്ലേജ് എക്സ്റ്റൻഷൻ ആയി പഞ്ചായത്തിലെ ഒരു മാതൃകാ പട്ടികവർഗ കോളനി തെരഞ്ഞെടുത്ത് അവിടെ ഒരു ടെലി പഠനകേന്ദ്രം സ്ഥാപിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടത് സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ അഭിപ്രായം ലഭ്യമാക്കിയശേഷം ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ചെങ്ങന്നൂർ നഗരസഭ (എ.സി.3/48/15)**

കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്ന് മാർക്കറ്റ് കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി എടുത്ത വായ്പയുടെ മുതൽ തിരിച്ചടവിന് 2007-08, 2008-09 വർഷങ്ങളിൽ ക്രമവരുദ്ധമായി വിനിയോഗിച്ചതിന്മേലുള്ള ഓഡിറ്റ് തടസ്സം സംബന്ധിച്ച് വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്**

**1)** 2014-15 വാർഷിക പദ്ധതിയിൽപ്പെടുത്തി എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ ഓഫീസ് പുനരുദ്ധാരണം എന്ന പ്രവൃത്തി സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചത് സംബന്ധിച്ച് ചർച്ച ചെയ്യുകയും ഓഡിറ്റ് വിഷയമായതിനാൽ വകുപ്പുതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിക്കുകയും ചെയ്തു.

2) 2012-13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തും താഴെക്കോട് ഗ്രാമപഞ്ചായത്തും ചേർന്ന് സംയുക്ത പ്രോജക്ടായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന കുടിവെള്ള പദ്ധതികൾ മറ്റു തരത്തിൽ നടപ്പിലായതിനാൽ പ്രസ്തുത തുക ഉപയോഗിച്ച് പുതിയ പദ്ധതികൾ

നടപ്പിലാക്കിയതിന് സാധൂകരണം നൽകണമെന്ന ആവശ്യം ചർച്ച ചെയ്യുകയും പദ്ധതി നിർദ്ദേശങ്ങൾ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ചു തീരുമാനിക്കുയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 തിരൂർ ബ്ലോക്ക് പഞ്ചായത്ത്**

ബാല്യ കൗമാരക്കാരായ പ്രതിഭകളെ കണ്ടെത്തി പ്രതിഭാ നിർണ്ണയ പരീക്ഷയിൽ പങ്കാളികളാക്കാനും രാഷ്ട്ര പുനർ നിർമ്മാണ പ്രക്രിയക്ക് യുവതീ യവാക്കളെ പര്യാപ്തമാക്കുന്നതിനുംവേണ്ടി നടപ്പിലാക്കാൻ തീരുമാനിച്ച് സുലക്ഷ്യ പദ്ധതി മാർഗരേഖപ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരേണ്ട വിഷയമായല്ലാത്തതിനാൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 നന്നംമുക്ക് ഗ്രാമപഞ്ചായത്ത്**

ഐനിച്ചോട് ലക്ഷം വീട് നവീകരണത്തിന് ഭവന ബോർഡിൽ നിന്ന് 75000 രൂപ ലഭിച്ചതിനാൽ പഞ്ചായത്തിൽ നിന്ന് അധിക ധനസഹായമായി വീടൊന്നിന് 125000 രൂപ അനുവദിക്കണമെന്ന ആവശ്യം 2 സ്രോതസ്സുകളിൽ നിന്ന് ഒരേ ആവശ്യത്തിന് ധനസഹായം അനുവദിക്കാൻ കഴിയില്ലെന്ന 16.07.2014-ലെ 45280/ഡി.ബി.1/14/തസ്വഭവ പ്രകാരമുള്ള സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായതിനാൽ നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 നന്നംമുക്ക് ഗ്രാമപഞ്ചായത്ത്**

സമ്പൂർണ്ണ ഊർജ്ജ സംരക്ഷണം എന്ന പദ്ധതി പ്രകാരം 2010-ൽ അനെർട്ടിൽ നിന്ന് വാങ്ങിയ ഹോട്ട് ബോക്സുകളും, ഹോട്ട് സ്റ്റൗകളും നശിച്ച് പോകുന്നതായി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഗുണഭോക്തൃ വിഹിതം 100 രൂപയായി കുറച്ച് എ.പി.എൽ, ബി.പി.എൽ വ്യത്യാസം ഇല്ലാതെ വിതരണം ചെയ്യാൻ അനുവദിച്ച് തീരുമാനിച്ചു. ഇത്രയും കാലമായിട്ടും ഇവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതിരുന്നതിന്റെ ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി. ചൂടാറാപ്പെട്ടികളും മറ്റും ഇനി മേലിൽ വാങ്ങി വിതരണം ചെയ്യാൻ പാടില്ലെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്**

അംഗനവാടി കുട്ടികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിലും സ്റ്റീൽ ചോറ്റു പാത്രവും നൽകാനുള്ള പദ്ധതി മാർഗരേഖ അനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരാത്ത സാഹചര്യത്തിൽ നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 കുന്നത്തൂർ ഗ്രാമപഞ്ചായത്ത്**

കുന്നത്തൂർ ഗ്രാമപഞ്ചായത്തിലെ ആഞ്ഞിലിമരം മുറിച്ച് നീക്കുന്നത് സംബന്ധിച്ചുള്ള പഞ്ചായത്തിന്റെ ആവശ്യത്തിന്മേൽ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ റ്റി.എസ്.പി. പ്രവൃത്തിയുടെ കൺവീനർ സമർപ്പിക്കുന്ന സങ്കട ഹർജി**

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ റ്റി.എസ്.പി. പ്രവൃത്തിയുടെ കൺവീനറായ ശ്രീ. എം. രാജേന്ദ്രൻ കാണി നൽകിയ അപേക്ഷയിന്മേൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ആരായാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

29.03.2015–ൽ വർക്ക്ബിൽ സമർപ്പിച്ചതായി അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നെങ്കിലും അത് യഥാസമയം ട്രഷറിയിൽ സമർപ്പിക്കാതിരുന്നത് സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദീകരണം തേടാനും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 കരുവാറ്റ ഗ്രാമപഞ്ചായത്ത് (ബഹു. ആഭ്യന്തരവകുപ്പ് മന്ത്രി ശ്രീ. രമേശ് ചെന്നിത്തല മുഖാന്തിരം)**

കരുവാറ്റയിൽ ആരംഭിച്ച കേരള യൂണിവേഴ്സിറ്റിയുടെ യു.ഐ.റ്റി. സെന്ററിന്റെ വാടക പി.ഡബ്ല്യൂ.ഡി. റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം 2015 ജൂലൈ മാസം വരെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 കുമാരപുരം ഗ്രാമപഞ്ചായത്ത്**

എ.പി.എൽ–ബി.പി.എൽ വ്യത്യാസമില്ലാതെ പട്ടികവർഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകാവുന്നതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 കുടയത്തൂർ ഗ്രാമപഞ്ചായത്ത്**

ടെക്നിക്കൽ അസിസ്റ്റന്റ്മാരുടെ ഹോണറേറിയം പ്ലാൻ ഫണ്ടിൽ നിന്നും നൽകാൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

2013–14 വർഷം എച്ച്.ഐ.വി. ബാധിതർക്ക് പോഷകാഹാര വിതരണം എന്ന പദ്ധതിക്ക് അനുവദിച്ചിരുന്ന ഒരു കിറ്റിന് 250 രൂപ എന്നുള്ളത് 1250 രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യം സബ്സിഡി മാനദണ്ഡങ്ങൾക്ക് വിധേയമായി നൽകാവുന്നതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

സംസ്ഥാനത്തെ എച്ച്.ഐ.വി ബാധിതരുടെ പോഷകാഹാര വിതരണം പദ്ധതി സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ കത്ത് (ഫയൽനം. ഡി.എ1/69/15)**

ജില്ലയിലെ നഗരസഭകളുടെ ചുമതലയുള്ള ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ പട്ടികജാതി വിഭാഗം പ്രോജക്ടുകളുടെ നിർവഹണ ചുമതല എറ്റെടുക്കാൻ വിസമ്മതിക്കുന്നതായി കണ്ണൂർ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തതായി ജില്ലാ പ്ലാനിംഗ് ഓഫീസർ അറിയിച്ച സാഹചര്യ ത്തിൽ കണ്ണൂർ ജില്ലയിലെ നഗരസഭകളെ സംബന്ധിച്ച് പ്രത്യേകമായും സംസ്ഥാനത്തെ നഗരസഭകളെ സംബന്ധിച്ച് പൊതുവിലും പട്ടികജാതി വികസന ഓഫീസർമാരുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ പട്ടികജാതി വികസന ഡയറക്ടറേറ്റിലെ ചീഫ് പ്ലാനിംഗ് ഓഫീസറെ ചുമതലപ്പെടുത്തി.പട്ടികജാതി വകുപ്പുമന്ത്രിയും പഞ്ചായത്തു വകുപ്പുമന്ത്രിയും തമ്മിൽ വിഷയത്തിന്മേൽ മന്ത്രിതല ചർച്ച നടത്തുമെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 ഗ്രാമവികസന കമ്മീഷണറുടെ കത്ത് (ഫയൽനം.196135/15/തസ്വഭവ)**

2013-04 വർഷത്തെ എസ്.ജി.ആർ,വൈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ഗാന്ധി സ്മൃതിവനം പ്രോജക്ടിന് കോടതി വിധി പ്രകാരം നൽകേണ്ട തുക ഏതാണെന്ന് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറിൽ നിന്ന് സുവ്യക്തമായ നിർദ്ദേശങ്ങൾ ലഭ്യമാക്കി ഭരണ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 പഞ്ചായത്ത് ഡയറക്ടറുടെ കത്ത്**

കൊരട്ടി ഗ്രാമപഞ്ചായത്തിന് നേരിട്ട് അധീനതയുള്ള പഞ്ചായത്ത് എൽ.പി. സ്ക്കൂൾ ആയതിനാൽ വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ വിനിയോഗിച്ച് വാഹനം വാങ്ങാൻ അനുവദിക്കണമെന്ന ആവശ്യം പ്രത്യേക കേസായി അനുവദിച്ച് തീരുമാനിച്ചു. ആവർത്തന ചെലവുകൾ സ്ക്കൂൾ പി.റ്റി.എ വഹിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 മലപ്പുറം ജില്ലാ പഞ്ചായത്ത് (ഫയൽനം. 79275/ഡി.ബി.3/14/തസ്വഭവ)**

ജില്ലാ പഞ്ചായത്തിന്റെ സഞ്ചരിക്കുന്ന മണ്ണുപരിശോധന ശാലയുടെ പഴയ വാഹനം ലേലം ചെയ്ത് വിറ്റ സാഹചര്യത്തിൽ പുതിയ വാഹനം വാങ്ങണമെന്ന ആവശ്യത്തിന്മേൽ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 കോഴിക്കോട് ജില്ലാ പഞ്ചായത്ത് (ഫയൽനം. 73531/ഡി.ഡി3/14/തസ്വഭവ)**

ജില്ലാ പഞ്ചായത്ത് നടപ്പിലാക്കി വരുന്ന നിർഭയ ജാഗ്രതാ സമിതി കോഓർഡിനേറ്റർമാരുടെ ഹോണറേറിയം 12 മാസവും പ്ലാൻ ഫണ്ടിൽ നിന്ന് നൽകാൻ അനുവദിക്കണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽനം. 73531/ഡി.ഡി3/14/തസ്വഭവ)**

ആർ.എം.എസ്.എ പദ്ധതി നടപ്പാക്കുന്നതിനായി ജില്ലയിലെ 5 സ്ക്കൂളുകളിൽ താൽക്കാലികമായി നിയമിച്ച 7 അദ്ധ്യാപകർക്ക് തനത് ഫണ്ടിൽ നിന്നും വേതനം നൽകണമെന്ന ആവശ്യം വിശദമായ ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ട ഒന്നാണെന്നും അതിനാൽ സംസ്ഥാനത്തെ ആർ.എം.എസ്.എ പദ്ധതി നിർവഹണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്ക് എന്തായിരിക്കണം എന്നത് സംബന്ധിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡിലെ സോഷ്യൽ സർവീസസ് ഡിവിഷന്റെ അഭിപ്രായം ആരായാൻ നിർദ്ദേശിച്ച് തീരുമാനിച്ചു. ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ട് ലഭ്യമാക്കാൻ അഡീഷണൽ സെക്രട്ടറിയോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 മലപ്പുറം ജില്ലാ പഞ്ചായത്ത്**

ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലുള്ള കിഡ്നി പേഷ്യന്റ്സ് വെൽഫയർ സൊസൈറ്റിക്ക് 2015-16 സാമ്പത്തിക വർഷത്തിൽ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 3 ലക്ഷം രൂപ വീതം തനത് ഫണ്ടിൽ നിന്ന് സംഭാവന നൽകാൻ യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു. ജില്ലയിലെ മുനിസിപ്പാലിറ്റികൾ പ്ലാൻ ഫണ്ടിൽ നിന്ന് സംഭാവന നൽകാൻ അനുവദിക്കണമെന്ന ആവശ്യം നിരസിക്കുകയും തനത് ഫണ്ടിൽ നിന്ന് മാത്രമേ സംഭാവന നൽകാവൂ എന്ന് നിർദ്ദേശിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.36 കില ഡയറക്ടറുടെ കത്ത്**

ഗ്രാമകേന്ദ്രം /സേവാഗ്രാം ഫെസിലിറ്റേറ്ററെ നിയോഗിക്കുന്നത് സംബന്ധിച്ച് യോഗ്യതകളിൽ ഭേദഗതി വരുത്തണമെന്ന നിർദ്ദേശം കില ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.37 ഡോക്യമെന്റേഷൻ ചെലവുകൾ സംബന്ധിച്ച് കില ഡയറക്ടറുടെ ശുപാർശ**

കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 20 വർഷ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ തയ്യാറാക്കാൻ 13.05.2015-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം2.6 പ്രകാരം ആകെ ചെലവ് 2 ലക്ഷം രൂപയായി നിശ്ചയിച്ചിരുന്നത് 115000 രൂപയായി പരിമിതപ്പെടുത്തി ശില്പശാല, അനുദ്യോഗസ്ഥരുടെ 2 മാസത്തെ ഹോണറേറിയം, അച്ചടി, സെമിനാർ, ആർകൈവ്സ് നിർമ്മാണം എന്നീ വിവിധ ഇനങ്ങൾ പ്രകാരം തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ് യോഗം അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.38 ഇ-ടെണ്ടർ സംബന്ധിച്ച് രൂപീകരിച്ച സബ്കമ്മിറ്റിയുടെ റിപ്പോർട്ട്**

പൊതു വിഷയം 2.2 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 11.30-ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 01.07.2015-ന് ഉച്ചകഴിഞ്ഞ് 2.30 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പു മന്ത്രിയുടെ അസംബ്ലി ചേംബറിൽ കൂടുന്നതാണ്.**